പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 5

28.05.2019 - ലെ മറുപടിക്ക്

## ദേശസാൽകൃത, സ്വകാര്യ ബാങ്കുകളിന്മേൽ നിയന്ത്രണം

**ചോദ്യം**

ശ്രീ. സി.കെ.ഹരീന്ദ്രൻ

**ഉത്തരം**

പിണറായി വിജയൻ

മുഖ്യമന്ത്രി

എ) ദേശസാൽകൃത ബാങ്കുകളിൽ നിന്നും വാണിജ്യ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായവരെ പ്രസ്തുത ബാങ്കുകൾ തിരിച്ചടവിന്റെ പേരിൽ സമ്മർദ്ദത്തിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തുവാൻ കഴിയുമോ;

(ബി) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ്. പ്രസ്തുത ബാങ്കുകളിലെ ഇടപാടുകൾ സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ പെടുന്ന കാര്യമല്ല. റിസർവ്വ് - ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന ബാങ്കുകളുടെ നിയമാനുസൃത

പ്രവൃത്തികളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയിലെ പ്രശ്നങ്ങളിൽ സംസ്ഥാനതല ബാങ്കിംഗ് സമിതി / ജില്ലാതല ബാങ്കിംഗ് സമിതിയിൽ സർക്കാർ നിലപാട് അറിയിക്കുകയും റിക്കവറി പോലുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് എല്ലാസാധ്യതകളും പരിശോധിക്കണമെന്ന് നിരന്തരം ആവശ്യപ്പെടാറുമുണ്ട്.

| | |
|---|---|
| (സി) വായ്പ എടുക്കുന്നവരിൽ നിന്നും സ്വകാര്യ ബാങ്കുകൾ യാതൊരു നിയന്ത്രണവുമില്ലാതെ പലിശ ഈടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് കേരള സർക്കാർ 2013 ലെ കേരള ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപകരുടെ താൽപര്യ സംരക്ഷണ ആക്ട് നിലവിലുണ്ട്. |
| (ഡി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്താൻ കഴിയുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ